പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1993 26.03.2013-ൽ മറുപടിയ്ക്ക്

## വൈദ്യുതി മേഖലയുടെ സ്വകാര്യവൽക്കരണം മൂലമുണ്ടാകുന്ന പ്രതിസന്ധികൾ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ് : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| വൈദ്യുതി ബോർഡിനെ കമ്പനിയാക്കുവാൻ ആലോചിക്കുന്നുണ്ടോ ; എങ്കിൽ ആയത് വൈദ്യുതി മേഖലയിൽ വലിയ പ്രതിസന്ധി സൃഷ്ടിക്കും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | 2003ലെ വൈദ്യുതി നിയമം അനുശാസിക്കും പ്രകാരവും കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ചും സംസ്ഥാന വൈദ്യുതി ബോർഡിനെ പുന: സംഘടിപ്പിക്കുവാൻ കേരള സർക്കാർ തീരുമാനിച്ചിട്ടുണ്ട്. വൈദ്യുതി മേഖലയിൽ നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സഹായം പൂർണ്ണമായും കേരളത്തിലെ ജനങ്ങളിലെത്തിക്കാൻ 2003 ലെ വൈദ്യുതി നിയമത്തിലെ വ്യവസ്ഥകൾ കേരള സംസ്ഥാനവും പാലിക്കേണ്ടതുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള ധനസഹായം വൈദ്യുതി മേഖലയുടെ വികസനത്തിനും അതുവഴി ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനമെത്തിക്കുന്നതിനും അത്യന്താപേക്ഷിതമാണ്. വൈദ്യുതി ബോർഡിന്റെ കമ്പനിവൽക്കരണത്തിലൂടെ ഈ മേഖലയിൽ വലിയ പ്രതിസന്ധി സൃഷ്ടിക്കാൻ ഉതകുന്ന ഒന്നും ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.